മജീദ് കുട്ടമ്പൂർ
majkut69@gmail.com

**മൊബൈൽ വരിക്കാരുടെ എണ്ണം ലോക ജനസംഖ്യയെ മറികട ന്നുവെന്നാണ് അന്താരാഷ്ട്ര ടെലി കമ്യൂണിക്കേഷൻസ് യൂനി യൻ പറയുന്നത്. അൽപം അതിശയോക്തി തോന്നാമെങ്കിലും റോബിൻ ജഫ്രിയുടെ വാക്കുകളിൽ, ഇതുപോലെ മനുഷ്യൻ ഉണ്ടാക്കി ഉപയോഗിച്ച വസ്തു പാദരക്ഷ മാത്രമാണ്.**

# നൊമോഫോബിയ അഥവാ 'ഫോണില്ലാ പേടി'

മൊബൈൽ ഫോൺ അൽപ സമയം കൈയിലില്ലാതിരിക്കുകയോ നിശബ്ദമാക്കുകയോ ചെയ്താൽ ആശങ്കാകുലരാകുന്ന, എന്തെങ്കിലും സംഭവിക്കുമെന്ന് അസ്വസ്ഥപ്പെടുകയും പേടിക്കുകയും ചെയ്യുന്നതിനാണ് നൊമോഫോബിയ (Nomophobia) എന്ന് പറയുന്നത്. ലോകത്ത് ഫോൺ ഉപഭോക്താക്കളായ 55 ശതമാനവും ഇത്തരക്കാരാണ്. പുതുതലമുറയിലെ പകുതിപേരും ഉപബോധ മനസ്സിൽ പോലും ഇത്തരം ആശങ്കകളുള്ളവരാണെന്നാണ് പഠനം തെളിയിക്കുന്നത്. ഈ തകരാറ് ഉള്ളവർ പത്ത് മിനിറ്റിനിടയിൽ ഒരു തവണയെങ്കിലും മെസ്സേജ്, ഇ-മെയിൽ, സോഷ്യൽ മീഡിയ എന്നിവയിലേതെങ്കിലും നോക്കുന്നവരാണത്രെ. നൊമോഫോബിയ പിടിപെട്ടവർ രാവിലെ എഴുന്നേൽക്കുന്നതു മുതൽ രാത്രി വൈകി കിടക്കുന്നതു വരെ ഇത് ഓഫ് ചെയ്യാതെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി, ശരീരത്തിന്റെ ആറാം ഇന്ദ്രിയം കണക്കെ കൊണ്ടു നടക്കുന്നവരാണ്.

ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ നിത്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞ ജനപ്രിയ ഇലക്ട്രോണിക് ഉപകരണമാണ് മൊബൈൽ ഫോൺ. കുട്ടികളുടെ കളിപ്പാട്ടം മുതൽ അധോലോക നായകരുടെ ആയുധം വരെ ഇന്ന് മൊബൈലാണ്. വിളിച്ചുണർത്തുന്ന അലാറം ക്ലോക്ക് മുതൽ ഉണർവും ഉറക്കവും കളിയും ചിരിയും തൊഴിലും സ്നേഹ, വിരഹ, സുഖ ദുഃഖ സൗഹൃദ വിനിമയവും ഫോട്ടോ-വീഡിയോയും ക്രിക്കറ്റും സിനിമയും കളിയും- തുടങ്ങി അനന്തമായ ആപ്പുകളുടെ അക്ഷയ പാത്രമായ ഈ സന്തത സഹചാരിയുടെ റെയിഞ്ചിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങളെല്ലാം. മൊബൈൽ നമ്പറാണ് ഒരാളുടെ ഐഡന്റിറ്റി. അതിന്റെ ചാർജ് തീർന്നാൽ അവനും 'ഓഫ്' ആയിപ്പോകും. ലോകത്തെ വിരൽ തുമ്പിൽ അറിയാൻ വെമ്പുന്ന ന്യൂജനറേഷന് 'മൊബൈലി'നെ കൂടാതെ ജീവിക്കാനേ വയ്യ എന്നായിരിക്കുന്നു.

ലോകത്ത് എല്ലാവർക്കും മൊബൈൽ ഫോൺ ഇല്ല എന്നത് ശരിയാണ്. എന്നാൽ മൊബൈൽ വരിക്കാരുടെ എണ്ണം ലോക ജനസംഖ്യയെ മറികടന്നുവെന്നാണ് അന്താരാഷ്ട്ര ടെലി കമ്യൂണിക്കേഷൻസ് യൂനിയൻ (ITU) പറയുന്നത്. അൽപം അതിശയോക്തി തോന്നാമെങ്കിലും റോബിൻ ജഫ്രിയുടെ വാക്കുകളിൽ, ഇതുപോലെ മനുഷ്യൻ ഉണ്ടാക്കി ഉപയോഗിച്ച വസ്തു പാദരക്ഷ മാത്രമാണ്.

ലോകത്ത് ഏറ്റവും കൂടുതൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ഒന്നാമത് ചൈനയും രണ്ടാമത് ഇന്ത്യയുമാണ്. നമ്മുടെ രാജ്യത്ത് ഒരാൾക്ക് ഉപയോഗിക്കാവുന്ന മൊബൈൽ സിമ്മിന്റെ എണ്ണത്തിന്, ജനനം കൊടുക്കാവുന്ന കുട്ടികളുടെ എണ്ണംപോലെ നിബന്ധനകളൊന്നുമില്ല. ലോകത്ത് മൊബൈൽ ഫോണും ജനസംഖ്യയും ഏകദേശം തുല്യമായി കഴിഞ്ഞ സെപ്തംബറിൽ 700 കോടി മൊബൈൽഫോൺ വരിക്കാരുള്ളപ്പോൾ, 450 കോടി ആളുകൾക്കേ ടോയ്‌ലറ്റ് സൗകര്യം ഉള്ളൂ എന്നൊരു പഠനം പുറത്ത് വന്നിരുന്നു. 22 രാജ്യങ്ങളിലെ 80 ശതമാനം പേർ തുറസ്സായ സ്ഥലത്താണ് മലമൂത്ര വിസർജനം നടത്തുന്നത്. ഇന്ത്യയിലാവട്ടെ ഒരു കോടിയോളം മൊബൈൽ ഫോണുകളുണ്ടെങ്കിൽ ടോയ്‌ലറ്റ് സൗകര്യമുള്ളവർ ജനസംഖ്യയിൽ 30 ശതമാനം മാത്രം. നമുക്ക് നമ്മുടെ നാട്ടുകാരിലേക്ക് വരാം. രാജ്യത്ത് മൊബൈൽ ഫോൺ ഉപയോഗത്തിലും ടി.വി കാണാൻ സമയം ചെലവഴിക്കുന്നതിലും ഏറ്റവും മുമ്പിൽ നിൽക്കുന്നത് മലയാളികളാണെന്നാണ് കേന്ദ്ര സർക്കാറിന്റെ സർവെ റിപ്പോർട്ട്.



മൊബൈൽ ഫോണിന്റെ ഉപകാര-ഉപദ്രവങ്ങളെ സംബന്ധിച്ച് സംവാദങ്ങൾ നടന്നുവരുന്നു. ഗർഭസ്ഥ ശിശുവിനെ അച്ഛന്റെ മധുര സ്വരം കേൾപ്പിക്കാൻ അമ്മയുടെ നിറവയറിൽ മൊബൈൽ ഫോൺ ചേർത്ത് വെച്ച് പരസ്യം കാണിക്കാൻ മടിയില്ലാത്ത നമ്മുടെ നാട്ടിൽ ആരോഗ്യപരമായ മുന്നറിയിപ്പുകൾക്കൊന്നും വലിയ കാര്യമില്ല. 'ദീർഘകാല ഉപയോഗം ആരോഗ്യത്തിന് ഹാനികരം' എന്നൊരു മുന്നറിയിപ്പെങ്കിലും ഇനി മൊബൈൽ ഫോണുകളിൽ സ്ഥാനം പിടിച്ചേക്കാമെന്ന് ലിയോൾഡ് മോർഗനെപ്പോലെ നമുക്കും പ്രതീക്ഷിക്കാമെന്ന് മാത്രം. ■

Vol. No: 70 Issue No. 46 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla